**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1100** **29-08-2022 - ൽ മറുപടിയ്ക്ക്**

**ജലചോർച്ച മൂലമുണ്ടാകുന്ന വരുമാന നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജല അതോറിറ്റി വിതരണത്തിന് ഉപയോഗിയ്ക്കുന്ന വെള്ളത്തിന്റെ ഇരുപത് മുതൽ ഇരുപത്തിയഞ്ച് ശതമാനം വരെ ചോർച്ച മൂലം നഷ്ടപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | വാട്ടർ അതോറിറ്റിയുടെ വിതരണ പൈപ്പ് ലൈനിലെ ചോർച്ച മൂലം ജലനഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | പൈപ്പ്ലൈനുകളിലെ ചോർച്ച മൂലം ജല അതോറിറ്റിക്ക് ഉണ്ടാകുന്ന നഷ്ടം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാന വ്യാപകമായി പൈപ്പ് ലൈനിലൂടെ ഉള്ള ചോർച്ച മൂലം ജല അതോറിറ്റിക്ക് ഉണ്ടാകുന്ന നഷ്ടം ഉല്പാദനത്തിന്റെ 40 മുതൽ 45 ശതമാനം വരെ ആണെന്നാണ് അനുമാനിക്കുന്നത്. കൃത്യമായ വിവരം വിശദമായ പഠനങ്ങൾ നടത്തി മാത്രമേ തിട്ടപ്പെടുത്തുവാനാകൂ. |
| (സി) | വാട്ടർ മീറ്ററുകൾ പ്രവർത്തനരഹിതമായതിനെ തുടർന്ന് ഉണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; | (സി) | കേടായ വാട്ടർ മീറ്ററുകൾ അടിയന്തിരമായി മാറ്റി വയ്ക്കുവാൻ നിർദേശം നൽകാറുണ്ട്. കേടായ വാട്ടർ മീറ്റർ മാറ്റി വയ്ക്കാത്ത കണക്ഷനുകളിൽ, ഒന്നാം മാസം വാട്ടർ ചാർജ്ജിന്റെ 25% വും രണ്ടാമത്തെയും മൂന്നാമത്തെയും മാസം വാട്ടർ ചാർജ്ജിന്റെ 50% വും തുടർന്നുള്ള മാസങ്ങളിൽ വാട്ടർ ചാർജ്ജിന്റെ 100% സർചാർജ് ഈടാക്കി വരുന്നുണ്ട്. ഇത്തരത്തിൽ കണക്കാക്കുമ്പോൾ വരുമാന നഷ്ടം ഉണ്ടാകുന്നില്ല. |
| (ഡി) | ജലച്ചോർച്ചയും തുടരെയുണ്ടാകുന്ന പൈപ്പ് പൊട്ടലും മൂലമുണ്ടാകുന്ന വരുമാന നഷ്ടം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ, ഡെപ്പോസിറ്റ് വർക്കുകൾ തുടങ്ങിയ വിവിധ ഫണ്ടുകൾ വഴി കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നു. ജലജീവൻ മിഷൻ പ്രവൃത്തികളിലൂടെ ആവശ്യമായ സ്ഥലങ്ങളിൽ വിതരണ ലൈനുകൾ മാറ്റി സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇത്തരത്തിൽ കാലഹരണപ്പെട്ട പൈപ്പുകൾ മൂലമുള്ള ജലച്ചോർച്ച തടയുവാനും അതുവഴി വരുമാന നഷ്ടം ലഘൂകരിക്കുവാനും സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ